(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതർ എത്ര; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി**

7 (752) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷം 64.46 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 140 കോടി രൂപയും ലൈഫ് മിഷന് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ (ഭൂമിയുള്ള ഭവനരഹിതർ) 3380 പേർക്കും ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ (ഭൂരഹിത ഭവനരഹിതർ) 487 പേർക്കും പുതിയ വീട് അനുവദിച്ച് നൽകിയിട്ടുണ്ട്.

**പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട്**

8 (753) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>:
<u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3,75,000 രൂപയും 4,50,000 രൂപയും 6,00,000 രൂപയും ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ മുഖേനയാണ് ധനസഹായം അനുവദിക്കുന്നത്. വകുപ്പിൽനിന്നും ഭൂമി ലഭിച്ചവർക്കും മറ്റ് ഏജൻസികളിൽ നിന്നും ഭൂമി ലഭിച്ചിട്ടുള്ളവർക്കും ഭവന നിർമ്മാണത്തിനുള്ള തുക ലൈഫ് മിഷൻ മുഖേന നൽകുന്നതാണ്. കെട്ടിട സമുച്ചയങ്ങളും ലൈഫ് മിഷൻ മുഖേന നിർമ്മിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഭൂമി അനുവദിച്ച സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകി വരുന്നുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി നിലവിലില്ല. പട്ടികവർഗ്ഗ വികസന വകുപ്പ്, ബഹു. സുപ്രീം കോടതി വിധി പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ നിന്നും കാസർഗോഡ്, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി 4731 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 5333.14 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പതിച്ച് നൽകുവാൻ കണ്ടെത്തുന്ന ഭൂമിക്കുവേണ്ടി അർഹരായ പട്ടികവർഗ്ഗക്കാരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ലഭിക്കുന്ന അപേക്ഷകളുടെ കരട് ലിസ്റ്റ് തയ്യാറാക്കി ജില്ലാ മിഷൻ ആക്ഷേപങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നു. കരട് ലിസ്റ്റ് ഊരുകൂട്ടത്തിന്റെയും ജനകീയ കമ്മിറ്റിയുടെയും പരിശോധനയും ശിപാർശയും പരിഗണിച്ച് റ്റി.ആർ.ഡി.എം. ജില്ലാ മിഷൻ അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നു. ഭൂരഹിതർ, ഏറ്റവും കുറവ് ഭൂമിയുള്ളവർ എന്ന ക്രമത്തിലാണ് ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാക്രമം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തീകരിച്ച ഭൂമി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹരായവർക്ക് വിതരണം ചെയ്യുന്ന തിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 53.27 ഏക്കർ ഭൂമി വാങ്ങിയതിൽ 15.7 ഏക്കർ ഭൂമി 108 പേർക്ക് വിതരണം ചെയ്തു. ശേഷിക്കുന്ന 37.57 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 19.96 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതി

9 (754) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് നാളിതുവരെ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്, വിശദമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി*ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ

10(755) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ഭവനത്തിനായി ടി വിഭാഗത്തിൽ പ്പെട്ടവരിൽനിന്നും എത്ര അപേക്ഷകൾ ലഭ്യമായെന്നും ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച കണക്കുകൾ നൽകാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly